# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. എം. പി.എം.15/2879/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 04/01/2023
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ചെറിയമുണ്ടം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. എം. പി.എം.15/2879/2022 തീയ്യതി: 04/01/2023

## മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-06-2022 മുതൽ 09-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 29 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-11-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. ഉണ്ണി പൂതംകുറ്റി | ഡെപ്യൂട്ടി ഡയറക്ടർ | 10-11-2022 | 19-11-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 10-11-2022 | 19-11-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.റിഷിൽ .പി, ഓഡിറ്റ് ഓഫീസർ
ശ്രീ.സന്തോഷ്. പി.ടി, അസി.ഓഡിറ്റ് ഓഫീസർ, (10.11.2022 മുതൽ 16.11.2022 വരെ )
ശ്രീ.മുഹമ്മദ് സിയാദ്. പി.പി, അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ. ഇദ്രീസ് അബ്ദുള്ള. എ.സി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷംസിയ സുബൈർ | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീ പി.എ മുഹമ്മദ് ഹാഷിം | സെക്രട്ടറി | 01-04-2021 | 03-08-2021 |
| ശ്രീ ജി.വി ജയകുമാർ | സെക്രട്ടറി | 04-08-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സുബാഷ് കുമാർ സി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2021 | 09-11-2021 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 10-11-2021 | 30-12-2021 |
| ശ്രീ. വിനോദ് കെ.പി | അസിസ്റ്റന്റ് സെക്രട്ടറി | 31-12-2021 | 31-03-2022 |
| ശ്രീമതി സൈബുന്നീസ സി.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 01-07-2021 |
| ശ്രീമതി സമീറ മഞ്ഞപ്പലാൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 02-07-2021 | 23-11-2021 |
| ശ്രീമതി സ്മിത ടി.വൈ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 24-11-2021 | 31-03-2022 |
| ശ്രീ ശരത്ത് പി.എസ് | കൃഷി ഓഫീസർ | 01-04-2021 | 16-11-2021 |
| ശ്രീമതി ഷഹാനില പി.പി | കൃഷി ഓഫീസർ | 17-11-2021 | 31-03-2022 |
| ശ്രീ ജേക്കബ് ജേർസൺ | വി.ഇ.ഒ | 01-04-2021 | 31-03-2022 |
| ശ്രീ അജയകുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 11-08-2021 |
| ശ്രീമതി ബിന്ദു കെ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 12-08-2021 | 31-03-2022 |
| ഡോ. സജീല എ.കെ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2021 | 31-03-2022 |
| ഡോ. ഹരീഷ് ബാബു | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 20-10-2021 |
| ഡോ. സമീറ കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 21-10-2021 | 11-11-2021 |
| ഡോ. ഷഫ്ന പി.കെ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 12-11-2021 | 20-01-2022 |
| ഡോ. നർജ്ജീസ് പി | മെഡിക്കൽ | 21-01-2022 | 31-03-2022 |

| | | | |
|---|---|---|---|
| | ഓഫീസർ(ഹോമിയോ) | | |
| ഡോ. ദിവ്യാ മോഹൻ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി. രമ്യ | ഹെഡ്മിസ്ട്രസ്സ് | 01-04-2021 | 26-10-2021 |
| ശ്രീമതി. ശൈലജ കെ.എസ് | ഹെഡ്മിസ്ട്രസ്സ് | 27-10-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | ബജറ്റ് -മാന്വൽ പ്രകാരമുള്ള നടപടി ക്രമങ്ങൾ | 1-1-1 |
| 3 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 4 | സാമ്പത്തിക വിശകലനം | 1-3 |
| 5 | ഫണ്ട് വിനിയോഗം(ACR പ്രകാരം) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗം | 1-4-1 |
| 7 | പദ്ധതി അവലോകനം | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 9 | ക്ഷേമപദ്ധതികൾ | 1-7 |
| 10 | ക്യാഷ് പരിശോധന | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 13 | വാർഷിക കണക്കിലെ അപാകതകൾ | 1-11 |
| 14 | വസ്തു നികുതി -സർക്കാർ ഉത്തരവ് പ്രകാരം നിരക്ക് നിശ്ചയിച്ചില്ല | 1-12 |
| 15 | കേരള സ്റ്റേറ്റ് ഐ.ടി മിഷന് പണം നൽകിയെങ്കിലും യു.പി.എസ് ലഭ്യമായില്ല | 1-13 |
| 16 | കാലഹരണപ്പെട്ട വിവിധ ഡെപ്പോസിറ്റ് തുകകൾ നാളിതു വരെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല | 1-14 |
| 17 | കെട്ടിടങ്ങളുടെ വിനിയോഗ തരം സംബന്ധിച്ച്. | 1-15 |
| 18 | അംഗൻവാടി പോഷകാഹാര വിതരണം-നിർവ്വഹണത്തിലെ അപാകതകൾ | 1-16 |
| 19 | മഴക്കാല പൂർവശുചീകരണം-തുക ചെലവഴിച്ചില്ല. | 1-17 |
| 20 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല. | 1-18 |
| 21 | മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ 8,91,408 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു. | 1-19 |
| 22 | പിഎച്ച്സിയിലേക്കു മരുന്നു വാങ്ങൽ (പരിരക്ഷാ പദ്ധതി) - 1,11,047 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു. | 1-19-1 |
| 23 | പിഎച്ച്സിയിലേക്കു മരുന്നു വാങ്ങൽ - 276404 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു. | 1-19-2 |
| 24 | മരുന്നുകൾ ലഭ്യമായില്ല | 1-19-3 |
| 25 | ഹരിത കർമ സേന പ്രവർത്തനം കാര്യക്ഷമമല്ല | 1-20 |
| 26 | വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ല | 1-21 |

| | | |
|---|---|---|
| 27 | ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- 1,50,000രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു. | 1-22 |
| 28 | വാട്ടർ ചാർജ് അടവാക്കൽ - സംയുക്ത പരിശോധന നടത്തേണ്ടതാണ്. | 1-23 |
| 29 | ഗ്രാമ പഞ്ചായത്തിലേക്ക് പ്രിന്റർ ലഭ്യമായില്ല | 1-24 |
| 30 | സ്ട്രീറ്റ് ലൈറ്റ് റിപ്പയർ- രേഖകൾ ഹാജരാക്കിയില്ല | 1-25 |
| 31 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല. | 1-26 |
| 32 | ഇപ്പട്ടങ്ങൾ തോടിനടുത്ത് ഫെൻസിംഗ് നിർമ്മാണം – തെറ്റായ നിരക്ക് അനുവദിച്ചു – കരാറുകാരന് അധികം നൽകിയത് 8560 രൂപ | 1-27 |
| 33 | എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി - കരാറുകാരന് അധികം നൽകിയത് 15,793 രൂപ | 1-28 |
| 34 | പഞ്ചായത്ത് അനുമതി ഇല്ലാതെ സ്കൂളുകൾ കെട്ടിടങ്ങൾ നിർമ്മിക്കുന്നത്/പ്രവർത്തിക്കുന്നത് -ക്രമവിരുദ്ധം | 1-29 |
| 35 | റോഡ് കണക്ടിവിറ്റി മാപ്പും പ്ലാനും:അപാകതകൾ | 1-30 |
| 36 | ടെണ്ടർ ഫോം വില ഗ്രാമ പഞ്ചായത്തിന് ലഭ്യമായില്ല | 1-31 |
| 37 | അഗതി രഹിത കേരളം -വിദ്യാഭ്യാസ കിറ്റ് വിതരണം ചെയ്തില്ല | 1-32 |
| 38 | വിദ്യാഭ്യാസ മേഖലയിൽ പ്രോജക്ടുകൾ നടപ്പാക്കുന്നില്ല – മേഖലയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം കാര്യക്ഷമമല്ല | 1-33 |
| 39 | അഗതി രഹിത കേരളം പദ്ധതി നടത്തിപ്പിൽ പുരോഗതി ഇല്ല. | 1-34 |
| 40 | ഗ്രാമ പഞ്ചായത്തിൽ തൻവർഷത്തിൽ പദ്ധതി ചെലവുകൾ കുറവ് | 1-35 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | ഇപ്പട്ടങ്ങൾ തോടിനടുത്ത് ഫെൻസിംഗ് നിർമ്മാണം – തെറ്റായ നിരക്ക് അനുവദിച്ചു – കരാറുകാരന് അധികം നൽകിയത് 8560 രൂപ | 3-1 |
| 2 | എസ്റ്റിമേറ്റ് തയ്യാറാക്കിയതിൽ അപാകത - അധിക നിരക്കിൽ ഓവർ ഹെഡ് ചാർജ് നൽകി - കരാറുകാരന് അധികം നൽകിയത് 15,793 രൂപ | 3-2 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |

| | | |
|---|---|---|
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2021-22 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| തീരുമാനം നം-1 തീയതി-26.02.2021 | തീരുമാനം നം-1 തീയതി-23.03.2022 |

### 1-1-1 ബജറ്റ് -മാന്വൽ പ്രകാരമുള്ള നടപടി ക്രമങ്ങൾ

1994-കേരള രാജ് ആക്ട് വകുപ്പ് 214 ഉപ വകുപ്പ് (1) പ്രകാരം സർക്കാർ അതാത് സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി വാർഷിക ബജറ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ 2021-22 വർഷത്തെ ബജറ്റ് രൂപീകരണം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു

A) ബജറ്റ് രൂപീകരണം സംബന്ധിച്ച താഴെപറയുന്ന രേഖകൾ ഹാജരാക്കിയില്ല.

1. നിർവഹണ ഉദ്യോഗസ്ഥർ സമർപ്പിച്ച Annexure 1&2 പ്രകാരമുള്ള ബജറ്റ് പ്രൊപ്പോസലുകൾ ഹാജരാക്കിയിട്ടില്ല.

2.പഞ്ചായത്ത് ഓഫീസിന്റെ പ്രൊപ്പോസൽ Annexure 3&4 പ്രകാരം സെക്രട്ടറി തയ്യാറാക്കിയത് ഹാജരാക്കിയിട്ടില്ല.

3. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ചത് Annexure 5.1&5.2 ഹാജരാക്കിയിട്ടില്ല.

4.ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബജറ്റിന്റെ വാർഷിക റിവ്യൂ നടത്തി ഇതു സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റിക്ക് നൽകിയ റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

B) ബജറ്റ് നടപടിക്രമങ്ങളും ബജറ്റ് മാന്വൽ പ്രകാരമുള്ള സമയക്രമവും പാലിച്ചില്ല

1. ബജറ്റ് രൂപീകരണം സംബന്ധിച്ച് വിവിധ സ്ഥാപന മേധാവികളുടെ യോഗം ഡിസംബർ 15 ന് മുൻപായി വിളിച്ച് ചേർക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല.

2. വിവിധ സ്ഥാപന മേധാവികൾ പദ്ധതിയേതര നിർദ്ദേശങ്ങൾ ജനുവരി 15ന് മുൻപായി സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്. എന്നാൽ നിർദ്ദേശങ്ങൾ സമർപ്പിച്ചതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3. സ്റ്റാന്റിംഗ് കമ്മിറ്റികൾ എസ്റ്റിമേറ്റും നിർദ്ദേശങ്ങളും ജനുവരി 22ന് മുൻപായി ചർച്ച ചെയ്യേണ്ടതാണ്. എന്നാൽ ആയത് പാലിച്ചിട്ടില്ല.

4. വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ഫെബ്രുവരി 1ന് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ സമർപ്പിക്കേണ്ടതാണ്. ആയത് പാലിച്ചിട്ടില്ല.

(ഓഡിറ്റ് അന്വേഷണത്തിന് (18/17.11.22) മറുപടി ലഭ്യമാക്കിയിട്ടില്ല.).
അപാകതകൾക്ക് വിശദീകരണം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ നൽകേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31 .07.2022 | 01.09.2022 | ബാധകമല്ല | ബാധകമല്ല |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 10934831 |
| വരവ് | 65491149 |
| ആകെ | 76425980 |
| ചെലവ് | 49853052 |
| നീക്കിയിരിപ്പ് | 26572928 |

## 1-4 ഫണ്ട് വിനിയോഗം(ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 15391467 | 15391467 | 13185786 | 2205681 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1198500 | 1198500 | 979458 | 219042 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4812000 | 4812000 | 6355605 | -1543605 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3768000 | 368000 | 3453034 | 314966 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied ) | 0 | 9339162 | 9339162 | 1473453 | 7865709 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Untied ) | 0 | 4104284 | 4104284 | 2033730 | 2070554 |
| ബി ഫണ്ട് | 0 | 55802900 | 55802900 | 55802900 | 0 |

## 1-4-1 ഗ്രാന്റ് വിനിയോഗം

സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് പത്രിക, എ.സി.ആർ എന്നിവ പ്രകാരം താഴെ പറയുന്ന ഫണ്ടുകളിലെ ചെലവ് തുകയിലെ വ്യത്യാസം പട്ടികയിൽ ചേർക്കുന്നു.

| ഫണ്ട് | എ.സി.ആർ | ഗ്രാന്റ് പത്രിക | വ്യത്യാസം |
|---|---|---|---|
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 6355605 | 5660307 | 695298 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 203373 | 18333730 | 18130357 |
| ഡെവലപ്മെന്റ് ഫണ്ട് (ജനറൽ) | 13185786 | 13657919 | 472133 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 179 | 77036055 | 112 | 34474941 | 0 | 67 | 62.5% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 120232 | 376213 | 496445 | 295705 | 200740 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 4855160 | 4855160 | 4855160 | 0 |
| ആകെ | 120232 | 5231373 | 5351605 | 5150865 | 200740 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 451200 | 27 |
| വിധവാപെൻഷൻ | 19316000 | 1213 |
| വാർദ്ധക്യകാലപെൻഷൻ | 2959700 | 2061 |
| വികലാംഗപെൻഷൻ | 6222000 | 408 |
| വിവാഹ ധനസഹായം | 120000 | 4 |

| | | |
|---|---|---|
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 96000 | 8 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.11.2022 ന് 10.30AM മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 13839/-രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1 വർക്കിംഗ് ഗ്രൂപ്പ് മിനുട്ട്സ് പരിശോധിച്ചതിൽ മിക്ക വർക്കിംഗ് ഗ്രൂപ്പുകളിലും തീരുമാനങ്ങൾ രേഖപ്പെടുത്തുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകളിൽ കാര്യമായ ചർച്ചകൾ നടക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. മാസ്റ്റർ ഇൻകംബൻസി രജിസ്റ്ററിൽ പൂർണ വിവരങ്ങൾ രേഖപ്പെടുത്തുകയും സാക്ഷ്യപ്പെടുത്തുകയും ചെയ്തിട്ടില്ല.

3.സ്ഥിരാസ്തികളുടെ ഭൗതിക പരിശോധന പ്രതി വർഷം നടത്തി ആസ്തി രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. (തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ 58608/ഡി.ബി2/09 സർക്കുലർ. , 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 58 (4)(ബി)).ആയത് പാലിച്ചിട്ടില്ല.

4.ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കമ്പ്യൂട്ടർ ഹാർഡ്‌വെയർ സോഫ്റ്റ് വെയർ എന്നിവക്ക് പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

5. രേഖകളുടെയും രജിസ്റ്ററുകളുടെയും പരിപാലനം കാര്യക്ഷമമല്ല. തെരുവ് വിളക്ക് രജിസ്റ്റർ, പരാതി രജിസ്റ്റർ, അൺസർവീസബിൾ ഐറ്റം രജിസ്റ്റർ എന്നിവ പരിപാലിച്ചിട്ടില്ല. ലോൺ രജിസ്റ്റർ അപൂർണ്ണമാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയ്യതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 20.08.2022 | 04/2022 മുതൽ 07/2022 വരെ | 20.08.2022 |
| എ.ജി ഓഡിറ്റ് | 04.03.2011 മുതൽ 14.03.2011 വരെ | 2005-06 മുതൽ 2009-10 വരെ | 18.04.2011 |

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(2)(ഇ) പ്രകാരമുള്ള കുറിപ്പുകൾ, 62(2)(എഫ്) പ്രകാരമുള്ള അനുപാതങ്ങൾ, 62(3) പ്രകാരമുള്ള മുൻവർഷ താരതമ്യ തുകകൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. തൊഴിലുറപ്പ് പദ്ധതി- ആകെചെലവ് ക്യാഷ് ബുക്ക്, വാർഷികകണക്കുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | ആകെ ചെലവ് |
|---|---|
| വാർഷികകണക്ക് പ്രകാരം | 52,00,445 |
| ക്യാഷ് ബുക്ക് പ്രകാരം | 50,17,369 |
| വ്യത്യാസം | 1,83,076 |

3. തനത് ഫണ്ടിൽ നിക്ഷേപിച്ചിട്ടുള്ള Specific Purpose Grant കളുടെ വിനിയോഗ വിവരം കാണിക്കുന്ന ACR സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മേൽ ഇനത്തിന്റെ ബാലൻസ്ഷീറ്റിൽ ബാധ്യതയായി രേഖപ്പെടുത്തിയ തുകകളുടെ കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4. വസ്തു നികുതി - സഞ്ചയ ഡി.സി.ബി സ്റ്റേറ്റ്മെന്റ് താഴെ പറയുന്ന ഇനങ്ങൾ വാർഷികകണക്കുമായി

പൊരുത്തപ്പെടുന്നില്ല.

| ഇനം | വാർഷികകണക്ക് | സഞ്ചയ | വ്യത്യാസം |
|---|---|---|---|
| Arrear Demand | 0 | 52513 | 52513 |
| Collection | 3414810 | 3569029 | 154219 |
| Balance | 0 | 29890 | 29890 |

5.അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം Cash Flow Statement പ്രകാരം Net Cash Generated By Operating Activities+ Net Cash Generated By Investing Activities+ Net Cash Generated By Financing Activities (1360556/-രൂപ) എന്നിവയുടെ തുക Net Inrease In Cash And Cash Equivalents – (15638097/-രൂപ)മായി പൊരുത്തപ്പെടുന്നില്ല.

കൂടാതെ സൗത്ത് ഇന്ത്യൻ ബാങ്ക് (അക്കൗണ്ട് നമ്പർ-0596053000012824) ലെ 31.03.2022 ന് ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം- 5758560.47/-രൂപ ബാലൻസുണ്ട്. എന്നാൽ ഇത് റിക്കൺസിലിയേഷൻ സ്റ്റേമെന്റിൽ ബാങ്ക് പാസ്സ്ബുക്ക് പ്രകാരം 5760188/-രൂപയാണ് ബാലൻസ്.

6. Profession Tax Employees ഇനത്തിൽ വാർഷികകണക്ക് പ്രകാരം 694290/-രൂപ വരവുണ്ട്. എന്നാൽ ഈ തുകയുടെ കൃത്യത പരിശോധിക്കുന്നതിന് തൊഴിൽ നികുതി ഡി.സി.ബി രജിസ്റ്ററിൽ സംഗ്രഹം രേഖപ്പെടുത്തിയിട്ടില്ല.

7. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ഡിപ്രിസിയേഷൻ ഇനത്തിൽ 3594504/-രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ തുകക്കുള്ള പ്രൊവിഷൻ കണക്കാക്കുന്നതിനുള്ള വർക്ക് ഷീറ്റ് തയ്യാറാക്കിയിട്ടില്ല.

8.വാർഷികകണക്ക് 2020-21 പ്രകാരം KURDFC ലോൺ തിരിച്ചടക്കാൻ ബാക്കിയുള്ള തുക 217683/- രൂപയായിരുന്നു. 31650/- രൂപ അധികമായി Source Deduction വരുത്തിയതിനാൽ 2021-22 വാർഷികകണക്ക് പ്രകാരം ഇതിൽ തിരിച്ചടക്കാൻ ബാക്കിയുള്ളത് -31650/- രൂപയാണ്. തുക തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

9. വാർഷിക കണക്ക്, എ.സി.ആർ എന്നിവ പ്രകാരം താഴെ പറയുന്ന ഫണ്ടുകളിലെ ചെലവ് തുകയിലെ വ്യത്യാസം പട്ടികയിൽ ചേർക്കുന്നു.

| ഫണ്ട് | എ.സി.ആർ | വാർഷികകണക്ക് |
|---|---|---|
| ഡെവലപ്മെന്റ് ഫണ്ട് (ജനറൽ) | 13185786 | 13082786 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 6355605 | 5660307 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 384696 | 2033730 |

## 1-12 വസ്തു നികുതി -സർക്കാർ ഉത്തരവ് പ്രകാരം നിരക്ക് നിശ്ചയിച്ചില്ല

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് 24.02.2015ലെ സ.ഉ.(അ)നം. 36/2015/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോം സ്റ്റേ, വിദ്യഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൗണ്ടിൽ വരുന്ന കാന്റീൻ, ആഡിറ്റോറിയം വർക്ക്ഷോപ്പ്, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ, മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റ് കെട്ടിടങ്ങൾ എന്നീ ഉപയോഗ ക്രമങ്ങൾ കൂടി ഉൾപ്പെടുത്തി കെട്ടിടങ്ങൾക്ക് ചുമത്തുന്ന വസ്തു നികുതി നിരക്കിൽ ഭേദഗതി വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. മേൽ ഉത്തരവ് പ്രകാരമുള്ള വിദ്യഭ്യാസ സ്ഥാപനങ്ങളുടെ കോമ്പൌണ്ടിൽ വരുന്ന കാന്റീൻ, ആഡിറ്റോറിയം, വർക്ക്ഷോപ്പ് കെട്ടിടങ്ങൾ എന്നത് ഒഴികെ മറ്റു ഉപയോഗക്രമത്തിലുള്ള കെട്ടിടങ്ങൾക്ക് ചെറിയമുണ്ടം ഗ്രാമപഞ്ചായത്തിൽ നികുതി നിരക്കുകൾ നിശ്ചയിച്ചിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് പരിഷ്കരിച്ച് വിജ്ഞാപനം ചെയ്യാത്തത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി(നമ്പർ 01/2021-22 തിയ്യതി 14.11.2022)ക്ക് ഭേദഗതി വിജ്ഞാപന പ്രകാരമുള്ള വസ്തു നികുതി നിശ്ചയിച്ച് സഞ്ചയയിൽ ഉൾപ്പെടുത്തുന്നതാണ് എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-13 കേരള സ്റ്റേറ്റ് ഐ.ടി മിഷന് പണം നൽകിയെങ്കിലും യു.പി.എസ് ലഭ്യമായില്ല

പ്രോജക്ട് നമ്പർ.184/22 (വി.ഇ.ഒയുടെ കാര്യാലയത്തിലേക്ക് യു.പി.എസ് വാങ്ങൽ)

അടങ്കൽ-23503 ( മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്)

ചെലവ്- 23305/- (ബിൽ നമ്പർ-24/08.03.2022)

പ്രൊജക്ട് നിർവ്വഹണത്തിന്റെ ഭാഗമായി, വി.ഇ.ഒ, യു.പി.എസ് വാങ്ങുന്നതിന് കേരള സ്റ്റേറ്റ് ഐ.ടി മിഷന് ബിൽ നമ്പർ-24/08.03.2022 പ്രകാരം 23305/- രൂപ (അക്കൗണ്ട് നമ്പർ-799011400003959) നൽകിയിരുന്നു. പ്രൊജക്ട് പ്രകാരം ആവശ്യപ്പെട്ട ഉപകരണങ്ങൾ വി.ഇ.ഒയുടെ കാര്യാലയത്തിലേക്ക് ലഭിച്ചിട്ടില്ല.
യു.പി.എസ് ലഭ്യമാക്കുന്നതിനോ അല്ലാത്ത പണം തിരികെ ഈടാക്കുന്നതിനോ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് അന്വേഷണത്തിന് (നമ്പർ-03/15.11.22) മറുപടി ലഭ്യമാക്കിയില്ല. 23305/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-14 കാലഹരണപ്പെട്ട വിവിധ ഡെപ്പോസിറ്റ് തുകകൾ നാളിതു വരെ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല

കേരള ഫിനാൻസ് കോഡ് Article 56 (B) പ്രകാരം ഫേം പിരീഡ് കഴിഞ്ഞ് മൂന്ന് വർഷം പിന്നിട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണ്. എന്നാൽ താഴെ കാണിച്ചിട്ടുള്ള കാലഹരപ്പെട്ട ഫണ്ടുകൾ 2018-19 സാമ്പത്തിക വർഷത്തിന് മുമ്പ് സ്വീകരിച്ചതും നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടിയിട്ടില്ലാത്തതുമാണ്. വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഡെപ്പോസിറ്റ് | ആകെ തുക |
|---|---|
| Contracters EMD | 347065 |
| Contracters Security Deposit | 18150 |
| Auction Deposit | 13000 |
| ആകെ | 378215/- |

തുക പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയിട്ടുള്ള ഓഡിറ്റ് എൻക്വയറി (16/15.11.2022) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. (മേൽ തുകകൾ ഫേം പിരീഡ് കഴിഞ്ഞ് മൂന്ന് വർഷം കഴിഞ്ഞിട്ടുള്ളതാണ്).

## 1-15 കെട്ടിടങ്ങളുടെ വിനിയോഗ തരം സംബന്ധിച്ച്.

2021-22 സാമ്പത്തിക വർഷത്തിലെ ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ രജിസ്റ്റർ പരിശോധിച്ചത് പ്രകാരം 18/358, 16/314 എന്നീ നമ്പർ കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ , സഞ്ചയ പ്രകാരം അവയുടെ വിനിയോഗ തരത്തിൽ നിന്നും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിട വിനിയോഗതരം | കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനം | ലൈസൻസ് ഉടമയുടെ വിവരങ്ങൾ |
|---|---|---|---|
| 18/358 | സ്റ്റോറേജ് ഷെഡ് | ഫ്ലോർ & ഓയിൽ മിൽ, കരുണ ഓയിൽ മിൽ | ദേവദാസ്, ചൂലക്കൽ |
| 16/314 | പാർപ്പിടാവശ്യം | ഓൺലൈൻ വ്യാപാരം | ജിസാർ, മധുരമംഗലത്ത് |

ഗ്രാമ പഞ്ചായത്ത് വിവിധ വിനിയോഗ തരത്തിലുള്ള കെട്ടിടങ്ങൾക്ക് നിശ്ചയിച്ചിരിക്കുന്ന വസ്തു നികുതി നിരക്ക് താഴെ ചേർക്കുന്നു.

| വിനിയോഗ തരം | നികുതി നിരക്ക് (രൂപ/ച. മീറ്റർ) |
|---|---|
| പാർപ്പിടാവശ്യം | 4 |
| 100 ച. മീറ്റർ വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം | 30 |
| ഇതര വ്യവസായ ആവശ്യത്തിനുള്ളവ | 40 |
| വ്യവസായ ആവശ്യത്തിനുള്ള - കൈത്തറി ഷെഡ്, കയർ പിരി ഷെഡ്, സ്റ്റോറേജ് ഷെഡ് | 10 |

ഇത്തരത്തിൽ മുകളിൽ പറഞ്ഞ കെട്ടിടങ്ങളുടെ സഞ്ചയയിലെ വിനിയോഗ തരവും യഥാർത്ഥ വിനിയോഗ തരവും വ്യത്യാസപ്പെട്ടിരിക്കുന്നത് വസ്തു നികുതിയിനത്തിൽ നഷ്ടം സംഭവിക്കുന്നതിന് കാരണമാകുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി(29/18-11-2022)ക്ക് 18/358 നമ്പർ കെട്ടിടത്തിന്റെ നികുതി പുനർ നിശ്ചയിക്കുന്നതാണെന്നും, 16/314 എന്ന കെട്ടിട നമ്പർ ലൈസൻസ് രജിസ്റ്ററിൽ തെറ്റായി രേഖപ്പെടുത്തിയതാണെന്നും ജിസാർ, മധുരമംഗലത്ത് എന്നയാളുടെ സ്ഥാപനം പ്രവവർത്തിക്കുന്നത് പ്രസ്തുത കെട്ടിടത്തിൽ അല്ലാ എന്നും ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കെട്ടിടങ്ങളുടെ വിനിയോഗ തരം സംബന്ധിച്ച് ആവശ്യമായ പരിശോധനകൾ നടത്തി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 അംഗൻവാടി പോഷകാഹാര വിതരണം-നിർവ്വഹണത്തിലെ അപാകതകൾ

പദ്ധതി:അംഗൻവാടി പോഷകാഹാരം

പ്രൊജക്ട് നം.:18/22

അടങ്കൽ :45,00,000

(വികസന ഫണ്ട്:2736000, കേന്ദ്രാവിഷ്കൃത വിഹിതം:1764000)

ചെലവ് : 3051235

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണോദ്യാഗസ്ഥയായി നടപ്പിലാക്കിയ അംഗൻവാടി പോഷകാഹാരം പദ്ധതിയിൽ ഉൾപ്പെടുത്തി ന്യൂട്രിമിക്സ് വാങ്ങിയ ഇനത്തിൽ താഴെ പറയും പ്രകാരം തുക(കടത്തുകൂലി ഒഴികെ) ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം | തുക | ബിൽ/ചെക്ക് നം.തിയ്യതി | സപ്ലയർ/യൂണിറ്റ് |
|---|---|---|---|
| 1. | 289012 | 02/22.12.21 | അന്നപൂർണ ന്യൂട്രിമിക്സ് |
| 2. | 1448737 | 03/22.12.21 | അന്നപൂർണ ന്യൂട്രിമിക്സ് |
| 3. | 95760 | 04/27.12.21 | സഞ്ജീവനി |
| 4. | 89748 | 05/27.12.21 | ചൈതന്യം |
| 5. | 366397 | 06/27.12.21 | വിജയ്&ഓജസി |
| 6. | 179497 | 08/31.12.21 | കുളിർമ ന്യൂട്രിമിക്സ് |
| 7. | 60165 | 12/22.2.22 | അന്നപൂർണ ന്യൂട്രിമിക്സ് |
| 8. | 93240 | 110073/29.1.22 | നവജീവൻ അമൃതം ന്യൂട്രിമിക്സ് |
| 9. | 21420 | 110093/21.2.22 | അന്നപൂർണ ന്യൂട്രിമിക്സ് |
| 10. | 191660 | 110073/29.1.22 | പുലരി ന്യൂട്രിമിക്സ് |
| 11. | 168701 | 110093/21.2.22 | പ്രശാന്തി ന്യൂട്രിമിക്സ് |
| 12. | 46898 | 110116/22.3.22 | അന്നപൂർണ ന്യൂട്രിമിക്സ് |
| ആകെ | 3051235 | | |

ഓഡിറ്റിനു ഹാജരാക്കിയ ഫയലുകൾ പരിശോധിച്ചതിൽ താഴെ കാണുന്ന അപാകതകൾ ഉണ്ട്.

1. കേന്ദ്ര സർക്കാരിന്റെ 50/2018 തി. 13.9.2018 നോട്ടിഫിക്കേഷൻ പ്രകാരം 1.10.2018 മുതൽ 2.5 ലക്ഷത്തിന് മുകളിലുള്ള ബില്ലുകളിൽ നിന്ന് 2 ശതമാനം നിരക്കിൽ TDS കുറവ് ചെയ്യേണ്ടതുണ്ട്. ഇത് ബിൽ പിൻവലിക്കുന്ന ഉദ്യോഗസ്ഥന്റെ ബാധ്യതയാണ് എന്നതും നോട്ടിഫിക്കേഷനിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സർക്കുലർ നം. ഡി.എ 1/87/2019 തി.08.09.20 പ്രകാരം എല്ലാ ഡി.ഡി.ഒ മാരും GST TDS(Tax Deductor)എടുക്കേണ്ടതാണെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഐ.സി.ഡി.എസ് സൂപ്പർവൈസർ GST രജിസ്ട്രേഷൻ എടുത്തതിന്റെ രേഖകൾ ഹാജരാക്കിയില്ല. മാത്രമല്ല, വിതരണം ചെയ്യുന്ന സ്ഥാപനത്തെ/സ്ഥാപനങ്ങളെ ഭരണ സമിതി അംഗീകരിച്ചതിന്റെയോ, മേൽ സ്ഥാപനങ്ങൾ ഉത്തരവാദിത്തത്തോടെ ഗുണനിലവാരമുള്ള പോഷകാഹാരം യഥാസമയം വിതരണം ചെയ്യുന്ന എന്ന ഉറപ്പ് വരുത്താൻ ഉതകും വിധത്തിൽ ഏതെങ്കിലും കരാറിൽ ഏർപ്പെട്ടതിന്റെയോ വിവരങ്ങൾ ഓഡിറ്റിനു ലഭ്യമാക്കിയ ഫയലിൽ ഇല്ല. വിശദീകരണമാരാഞ്ഞു നല്കിയ Enquiry Number : 15 Dated : 15-11-2022 നു ലഭ്യമാക്കിയ മറുപടിയിൽ അറിവില്ലായ്മ മൂലമാണ് മേൽ അപാകത സംഭവിച്ചതെന്നും നിലവിൽ TDS വരുത്തുന്നുണ്ടെന്നും അറിയിക്കുകയും GST രജിസ്ട്രേഷൻ എടുത്തതിന്റെ രേഖകൾ ഹാജരാക്കുകയും ചെയ്തു. കൂടാതെ ന്യൂട്രിമിക്സ് വിതരണം ചെയ്യുന്ന കമ്പനിയുമായി കരാറിൽ ഏർപ്പെടുന്നതിനു ഭരണ സമിതിക്ക് കത്തു നല്കുന്നതുൾപ്പെടെയുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടിയിൽ വ്യകതമാക്കി. തുടർനടപടികൾ ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യമറുപടിയിൽ അറിയിക്കേണ്ടതാണ്.

## 1-17 മഴക്കാല പൂർവശുചീകരണം-തുക ചെലവഴിച്ചില്ല.

2021-22 വർഷത്തിൽ ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിലേക്ക് മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷൻ ഫണ്ട് 3,60,000 രൂപ മെഡിക്കൽ ഓഫീസർ പി എച്ച് സിക്ക് കൈമാറിയിട്ടുണ്ട്.(വൗച്ചർ നമ്പർ 22100765/27.1.2022).മേൽ തുക ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കുന്നതിന് നമ്പർ 10/15.11.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.വാർഡ് നമ്പർ 14,16,18 എന്നിവയിൽ മാത്രം യഥാക്രമം 10,000 രൂപ വീതം ആകെ 30,000 രൂപ മാത്രമാണ് ചെലവഴിച്ചതെന്ന് മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. ചെലവഴിക്കാത്ത തുക 3,30,000 രൂപ ഗ്രാമ പഞ്ചായത്തിലേക്ക് തിരിച്ചടവാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-18 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

2021-22 വർഷത്തിൽ ഡയാലിസിസ് രോഗികൾക്ക് ധനസഹായം നൽകുന്നതിനായി താഴെ പറയും പ്രകാരം ഗ്രാമ പഞ്ചായത്ത് വിഹിതം ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

| | |
|---|---|
| വർഷം | 2021-22 |
| പ്രോജെക്ട് നമ്പർ | 158/22 |
| പ്രോജെക്ടിന്റെ പേര് | ഡയാലിസിസിന് വിധേയമായ രോഗികൾക്ക് ധനസഹായം |
| അടങ്കൽ | 1,28,359രൂപ വികസന ഫണ്ട് ജനറൽ<br>311461 തനത് ഫണ്ട്<br>2,20,000-ബ്ലോക്ക് പഞ്ചായത്ത് വിഹിതം<br>2,20,000- ജില്ലാ പഞ്ചായത്ത് വിഹിതം |
| ചെലവ് | 28,000 രൂപ<br>ബിൽ നമ്പർ 39/26.3.22(ട്രഡിഷണൽ ഫണ്ട് എ സി ആർ പ്രകാരം) |
| നിർവഹണം | മെഡിക്കൽ ഓഫീസർ പി എച്ച് സി |

ഡയാലിസിസിനു വിധേയമാകുന്ന രോഗികൾക്കുള്ള ധനസഹായമിനത്തിൽ 4 ഗുണഭോക്താക്കളുടെ വിഹിതം 28,000 രൂപ ജില്ലാ പഞ്ചായത്തിനു കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നമ്പർ 11/15.11.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ജില്ലാ പഞ്ചായത്തിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്.വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവ് തുക 28,000 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-19 മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ വിവിധ പ്രോജക്ടുകളിൽ 8,91,408 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു.

2021-22 വർഷത്തിൽ മെഡിക്കൽ ഓഫീസർ പി എച്ച്സി നിർവഹണം നടത്തിയ വിവിധ മരുന്ന് വാങ്ങൽ പ്രോജെക്ടുകളിലായി 8,91,408 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസർ പ്രോജക്റ്റ് രജിസ്റ്റർ സൂക്ഷിക്കുകയോ, തുക നല്കിയതിന്റെയും മരുന്ന് ലഭ്യമായതിന്റെയും, ലഭ്യമാകാൻ അവശേഷിക്കുന്നതിന്റെയും വിവരം/പുരോഗതി കൃത്യമായി നിരീക്ഷിക്കാൻ സഹായകരമായ രജിസ്റ്റർ/രേഖകൾ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ലഭ്യമാകുവാൻ ശേഷിക്കുന്ന മരുന്നുകളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

### 1-19-1 പിഎച്ച്സിയിലേക്കു മരുന്നു വാങ്ങൽ (പരിരക്ഷാ പദ്ധതി) - 1,11,047 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| | |
|---|---|
| വർഷം | 2021-22 |
| പ്രോജക്ട് നമ്പർ | 44/22 |
| പ്രോജക്ടിന്റെ പേര് | പിഎച്ച് സിയിലേക്ക് മരുന്നു വാങ്ങൽ(പരിരക്ഷാ പദ്ധതി) |
| അടങ്കൽ | 7,50,000 രൂപ(വികസന ഫണ്ട്) |
| ചെലവ് | ബിൽ നമ്പർ 8/6.10.21 1,87,418രൂപ (മരുന്നു വാങ്ങൽ) |
| നിർവഹണം | മെഡിക്കൽ ഓഫീസർ പിഎച്ച്സി |

മേൽ പ്രോജക്ട് പ്രകാരം പിഎച്ച് സിയിലേക്ക് മരുന്ന് വാങ്ങുന്നതിന് (പരിരക്ഷാ പദ്ധതി) 1,87,418 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്.76371 രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 1,11,047 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| ക്രമനമ്പർ | തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|---|
| | ഇൻവോയ്സ് നമ്പർ | തുക | ഇൻവോയ്സ് നമ്പർ | തുക |
| 1 | PRF2121/17.9.21 | 1,87,418 | 3952/7.6.22 | 11341 |
| | | | 3950/7.6.22 | 15383 |

| | | | | |
|---|---|---|---|---|
| | | | 3956/7.6.22 | 26416 |
| | | | 8386/9.8.22 | 8677 |
| | | | 10806/13.9.22 | 14554 |
| | | | ആകെ | 76371 |

അവശേഷിക്കുന്ന 1,11,047 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്എന്ന് കാണിച്ച് നമ്പർ 12/15.11.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.മരുന്നുകൾ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്.തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-19-2 പിഎച്ച്സിയിലേക്കു മരുന്നു വാങ്ങൽ - 276404 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| | |
|---|---|
| വർഷം | 2021-22 |
| പ്രോജക്ട് നമ്പർ | 41/22 |
| പ്രോജക്ടിന്റെ പേര് | പിഎച്ച് സിയിലേക്ക മരുന്നു വാങ്ങൽ |
| അടങ്കൽ/ചെലവ് | 6,00,000 രൂപ മെയിന്റനൻസ് ഫണ്ട് നോൺ റോഡ് |
| ചെലവ് | 6,00,000രൂപ<br>ബിൽ നമ്പർ 9/6.10.21 |
| നിർവഹണം | മെഡിക്കൽ ഓഫീസർ പിഎച്ച്സി |

മേൽ പ്രോജക്ട് പ്രകാരം പിഎച്ച് സിയിലേക്ക് മരുന്ന് വാങ്ങുന്നതിന് 6,00,000 രൂപ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടവാക്കിയിട്ടുണ്ട്.323596രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. 276404 രൂപയുടെ മരുന്നുകൾ കൂടി ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| ക്രമനമ്പർ | തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവരം | |
|---|---|---|---|---|
| | ഇൻവോയ്സ് നമ്പർ | തുക | ഇൻവോയ്സ് നമ്പർ | തുക |
| 1 | PRF2254/249.21 | 6,00,000 | 15969/4.11.22 | 7074 |
| | | | 837/22.4.22 | 166510 |
| | | | 3543/3.6.22 | 88055 |
| | | | 6846/26.7.22 | 22696 |
| | | | 19703/30.8.22 | 23344 |
| | | | 11300/17.9.22 | 15917 |
| | | | ആകെ | 323596 |

അവശേഷിക്കുന്ന 276404രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്എന്ന് കാണിച്ച് നമ്പർ 13/15.11.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ച് വരുന്നതായി മെഡിക്കൽ ഓഫീസർ മറുപടി നൽകിയിട്ടുണ്ട്. തുടർ നടപടി വിവരം അറിയിക്കേണ്ടതാണ്.

## 1-19-3 മരുന്നുകൾ ലഭ്യമായില്ല

താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം പി എച്ച് സി യിലേക്ക് മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു.

1.

| | |
|---|---|
| വർഷം | 2021-22 |
| പ്രോജക്ട് നമ്പർ | 46/22 |
| പ്രോജക്ടിന്റെ പേര് | ഡയാലിസിസ്, കാൻസർ രോഗികൾക്ക് പി എച്ച് സി മുഖേന മരുന്ന് വാങ്ങൽ |
| അടങ്കൽ | 2,00,000രൂപ(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | 99,828 രൂപ |

| | |
|---|---|
| | ബിൽ നമ്പർ 21/21-22 തി. 27.12.21 |
| നിർവഹണം | മെഡിക്കൽ ഓഫീസർ പി എച്ച് സി |

2.

| | |
|---|---|
| വർഷം | 2021-22 |
| പ്രോജക്ട് നമ്പർ | 129 |
| പ്രോജക്ടിന്റെ പേര് | കിഡ്നി മാറ്റിവെച്ച രോഗികൾക്ക് പി എച്ച് സി മുഖേന മരുന്ന് വാങ്ങൽ(SO) |
| അടങ്കൽ | 82,589രൂപ(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | 82,498രൂപ<br>ബിൽ നമ്പർ 4/21-22 തി. 14.8.21 71,340 രൂപ<br>ബിൽ നമ്പർ 14/21-22 തി. 15.11.21 11,158 രൂപ |
| നിർവഹണം | മെഡിക്കൽ ഓഫീസർ പി എച്ച് സി |

3.

| | |
|---|---|
| വർഷം | 2021-22 |
| പ്രോജെക്ട് നമ്പർ | 43/22 |
| പ്രോജെക്ടിന്റെ പേര് | കിഡ്നി മാറ്റിവെച്ച രോഗികൾക്ക് പി എച്ച് സി മുഖേന മരുന്ന് വാങ്ങൽ |
| അടങ്കൽ | 7,00,000രൂപ(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | 7,00,000 രൂപ |
| നിർവഹണം | മെഡിക്കൽ ഓഫീസർ പി എച്ച് സി |

മേൽ പ്രോജെക്ടുകളിലെ ക്രമനമ്പർ 1,2 എന്നിവ പ്രകാരം മരുന്ന വാങ്ങുന്നതിന് 1,82,326(99828+82498) രൂപയും ക്രമനമ്പർ 3പ്രകാരം 7,00,000 രൂപയും കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് കൺസ്യൂമർ ഫെഡറേഷൻ നീതി മെഡിക്കൽ സ്റ്റോർ തിരൂരിൽ അടവാക്കിയിട്ടുണ്ട്. ക്രമനമ്പർ 1,2 പ്രകാരമുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. ക്രമനമ്പർ 3പ്രകാരം മരുന്നുകൾ ലഭ്യമായതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

| തുക നൽകിയതിന്റെ വിവരം | | മരുന്ന് ലഭിച്ചതിന്റെ വിവിരം | |
|---|---|---|---|
| ബിൽ നമ്പർ | തുക | ഇൻവോയ്സ് നമ്പർ | തുക |
| 3/14.8.21 | 99963 | 8535/9.2.22 | 64529.95 |
| 10/6.10.21 | 96353 | 9480/26.3.22 | 59998.60 |
| 17/10.11.21 | 73794 | 2614/4.8.22 | 154135.95 |
| 19/1.12.21 | 19471 | 4012/10.10.22 | 99705 |
| 32/26.3.22 | 299023 | ആകെ | 3,78,369 |
| 37/26.3.22 | 61519 | | |
| 153/30.12.21 | 49877 | | |
| ആകെ | 7.00.000 | | 8 |

ക്രമനമ്പർ 1,2 എന്നിവ പ്രകാരം പ്രകാരം 1,82,326 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു. ക്രമനമ്പർ 3 പ്രകാരം 321631 രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു. മരുന്നുകൾ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 14/15.11.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. അവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ച വരുന്നതായി മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 ഹരിത കർമ സേന പ്രവർത്തനം കാര്യക്ഷമമല്ല

### എം.സി.എഫ് സെന്റർ -അടിസ്ഥാന സൗകര്യങ്ങളില്ല

ഹരിത കേരളം പദ്ധതിക്കായി മാലിന്യം ശേഖരിക്കുന്നതിനായി പഞ്ചായത്ത് എം.സി.എഫ് സെന്റർ നിർമ്മിച്ചിട്ടുണ്ട് . എന്നാൽ നിലവിൽ ഈ കെട്ടിടത്തിലെ സ്ഥലപരിമിതി മൂലം മാലിന്യം ശേഖരിച്ച് വേർ തിരിക്കുന്നതിനുള്ള സൗകര്യം

ഇല്ല. വൈദ്യുതി, വെള്ളം തുടങ്ങിയ പ്രാഥമിക സൗകര്യങ്ങൾ ഒന്നും തന്നെ കെട്ടിടത്തിൽ നാളിത് വരെ ഏർപ്പെടുത്തിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിൽ നിന്നും മാലിന്യം ശേഖരിക്കുന്നതിന് ഹരിതകർമ്മ സേന അംഗങ്ങൾക്ക് വേതനം അനുവദിച്ചതായി ഫയലിൽ കാണുന്നുണ്ടെങ്കിലും ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി.എഫിൽ എത്തിച്ചതായി കാണുന്നില്ല. മാലിന്യങ്ങൾ എം.സി.എഫിൽ എത്തിക്കുന്നതിന് ട്രിപ്പ് ഒന്നിന് 250/- രൂപ നിരക്കിൽ വാഹന വാടക നൽകുന്നതിന് 05.08.2021 ലെ ഭരണ സമിതി തീരുമാന നമ്പർ 3/2പ്രകാരം നിശ്ചയിച്ചിരുന്നു, എന്നാൽ എം.സി.എഫ് സെന്ററിൽ മാലിന്യങ്ങൾ എത്തിച്ചതിന്റെയോ, എം.സി.എഫിൽ നിന്നും കരാർ പ്രകാരം ക്ലീൻ കേരള കമ്പനി മാലിന്യം ശേഖരിച്ചത് കൊണ്ട് പോയതിന്റെയോ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

പ്രവർത്തന സജ്ജരായ ഹരിത കർമ സേനാ അംഗങ്ങളുടെ അപര്യാപ്തത

ഗ്രാമ പഞ്ചായത്തിലെ 18 വാർഡുകളിലേക്കായി ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിന് 13 പേരാണ് ഹരിത കർമ സേനയിൽ അംഗങ്ങളായി ഉണ്ടായിരുന്നത്. സേനയെ സൗഭാഗ്യ, ശാന്തി എന്നീ രണ്ട് ഗ്രൂപ്പുകളായി തിരിക്കുകയും, സൗഭാഗ്യ ഗ്രൂപ്പിന് ഒന്ന് മുതൽ ഒമ്പത് വരെയുള്ള വാർഡുകളുടെ ചുമതലയും ശാന്തി ഗ്രൂപ്പിന് പത്ത് മുതൽ പതിനെട്ട് വരെയുള്ള വാർഡുകളുടെ ചുമതലയും നൽകി. എന്നാൽ പ്രവർത്തന സജ്ജരായ നാല് അംഗങ്ങൾ മാത്രമാണ് ഹരിത കർമ സേനാ അംഗങ്ങളായി നിലവിൽ ഉള്ളത്.

ഹരിത കർമ സേനാ അംഗങ്ങൾ ക്ക് നൽകിയ ഹോണറേറിയം.

ഗ്രാമ പഞ്ചായത്ത് തയ്യാറാക്കിയ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈലോ പ്രകാരം പ്ലാസ്റ്റിക് മാലിന്യങ്ങൾ ഹരിത കർമ സേന പ്രവർത്തകർക്ക് കൈമാറുമ്പോൾ ഈടാക്കേണ്ട യൂസർ ഫീ താഴെ ചേർക്കുന്നു.

| വിഭാഗം | ഫീസ് | |
|---|---|---|
| വാസഗൃഹങ്ങൾ | 50/-രൂപ (പ്രതിമാസം) | |
| സ്ഥാപനങ്ങൾ/കച്ചവടക്കാർ/കാറ്ററിംഗ് യൂണിറ്റുകൾ | *പ്ലാസ്റ്റിക് പാക്കിംഗ് കവറുകൾക്ക് 100 ഗ്രാമിനോ അതിന്റെ ഭാഗത്തിനോ 10/- രൂപ,<br>*മറ്റു പ്ലാസ്റ്റിക് മാലിന്യങ്ങൾക്ക് 100 ഗ്രാമിനോ അതിന്റെ ഭാഗത്തിനോ 5/- രൂപ | കുറഞ്ഞത് 100/- രൂപ |
| 100 പേരിൽ അധികം പങ്കെടുക്കുന്ന പരിപാടികൾ നടത്തുവർ | 250/- രൂപ | |

ബൈലോ പ്രകാരം പ്ലാസ്റ്റിക് മാലിന്യങ്ങൾ ഏറ്റെടുത്തതിന് ഹരിത കർമ സേന പ്രവർത്തകർ 2021-22 കാലയളവിൽ പിരിച്ചെടുത്ത യൂസർ ഫീ 39,602/- രൂപയും, ഹരിത കർമ സേന പ്രവർത്തകർക്ക് വിതരണം ചെയ്ത ഹോണറേറിയം 1,28,900/-(വയബിലിറ്റി ഫണ്ടിൽ നിന്നും ഉൾപ്പെടെ) രൂപയുമാണ്.

മിനി എം.സി.എഫുകൾ നിർജീവം

ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളിലും ഓഫീസുകളിലുമായി 2,85,600/-രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട്) ചെലവഴിച്ച് മിനി എം.സിഎഫുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഇവയിൽ ശേഖരിക്കുന്ന മാലിന്യങ്ങൾ എം.സി.എഫ് സെന്ററിൽ എത്തിക്കുന്നതിനുള്ള സംവിധാനം നിലവിലില്ലാത്തതിനാൽ മിനി എം.സി.എഫുകളിൽ നിക്ഷേപിച്ച മാലിന്യങ്ങൾ അവിടങ്ങളിൽ തന്നെ കെട്ടി കിടക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്.

എം.സി.എഫ് സെന്ററിൽ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, ഹരിത കർമ സേനയിൽ പ്രവർത്തന സജ്ജരായ അംഗങ്ങളുടെ എണ്ണം വർദ്ധിപ്പിച്ച് മാലിന്യ ശേഖരണം കാര്യക്ഷമമാക്കുന്നതിനും, അംഗങ്ങൾ നൽകേണ്ട ഹോണറേറിയം, യൂസർ ഫീ ഇനത്തിൽ കണ്ടെത്തുന്നതിനും, ഇതു വരെ സ്ഥാപിച്ചിട്ടുള്ള മിനി എം.സി.എഫുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി അവ ഉപയോഗപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി 27 / 18-11-2022).

## 1-21 വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമല്ല

ജി.ഒ(എം.എസ്) നം 72/2017/ത.സ്വ.ഭ.വ തിയതി.29.3.2017 ഉത്തരവ് പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകൾ വ്യക്തമാക്കിയിട്ടുണ്ട്. കരട് പ്രൊജക്റ്റ് നിർദേശങ്ങൾ തയ്യാറാക്കി ഗ്രാമ സഭാ/ ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ആ വേദികളിലെ ചർച്ചകളുടെയും തീരുമാനങ്ങളുടെയും അടിസ്ഥാനത്തിൽ പ്രൊജക്റ്റ് നിർദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണ സമിതിയുടെയും തുടർന്ന് വികസന സെമിനാറിന്റെയും പരിഗണനക്ക് സമർപ്പിക്കുക എന്നിവയാണ് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതായ രണ്ട് പ്രധാന ചുമതലകൾ. അവ ഫലപ്രദമായി നിർവഹിക്കണമെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശുപാർശകൾ ക്രമീകരിക്കേണ്ടതാണ്. അതിനാൽ ഈ രണ്ട് ദൗത്യങ്ങളും നിർവഹിക്കുന്നതിന്റെ മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേരണമെന്നുള്ളത്

അനിവാര്യമാണ്. പ്രസ്തുത യോഗങ്ങളിൽ വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ നിർബന്ധമായും പങ്കെടുക്കേണ്ടതുണ്ട്. 2021-22 വർഷത്തെ വർക്കിംഗ് ഗ്രൂപ്പ് മിനുട്സുകൾ പരിശോധിച്ചതിൽ മിക്ക വർക്കിംഗ് ഗ്രൂപ്പുകളും 2021-22 വാർഷിക പദ്ധതി രൂപീകരണത്തിന് വേണ്ടി മാത്രം യോഗം ചേരുന്നതായി കണ്ടു. ക്വാറം തികയാതെയും, തീരുമാനങ്ങൾ രേഖപ്പെടുത്താതെയും ,ക്ലോസ്സ് ചെയ്യാതെയും അപൂർണ്ണമായ രീതിയിലാണ് മിനുട്സ് ബുക്കുകൾ തയ്യാറാക്കിയിരിക്കുന്നത്. അംഗങ്ങളുടെ എണ്ണം പോലും മിനുട്സ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ ഫലപ്രദമായി നടത്തികൊണ്ട് പോകുന്നതിനുള്ള ചുമതല അതാത് സ്റ്റാന്റിംഗ് കമ്മിറ്റികൾക്കാണ്. ഓരോ പദ്ധതികളും നിർവഹണം നടത്തിയതിനു ശേഷം അതിന്റെ തുടർന്നുള്ള മോണിറ്ററിംഗ് നടത്തേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ മീറ്റിംഗുമായി ബന്ധപെട്ട ഒരു അവലോകനം താഴെ കൊടുക്കുന്നു.

| വർക്കിംഗ് ഗ്രൂപ്പ് | കൂടിയ തിയതി | പങ്കെടുത്ത അംഗങ്ങൾ | തീരുമാനങ്ങൾ | റിമാർക്ക്സ് |
|---|---|---|---|---|
| ദാരിദ്ര്യ ലഘൂകകരണം | 04.02.21<br>20.02.21<br>10.01.22 | 9<br>6<br>4 | 6<br>0<br>1 | |
| ശുചിത്വം,കുടിവെള്ളം | 04.02.21<br>20.02.21<br>22.01.22<br>28.02.22 | 10<br>06<br>10<br>05 | 16<br>07<br>01<br>01 | ക്ലോസ്സ് ചെയ്തിട്ടില്ല |
| വിദ്യാഭ്യാസം | 04.02.21<br>20.02.21<br>05.01.22 | 10<br>7<br>8 | 21<br>09<br>01 | ക്ലോസ്സ് ചെയ്തിട്ടില്ല |
| പൊതുമരാമത്ത് | 04-02-21<br>20.2.21<br>18.12.21<br>22.01.22<br>28.02.22 | 9<br>7<br>5<br>7<br>6 | 16<br>23<br>2<br>1<br>2 | ക്ലോസ്സ് ചെയ്തിട്ടില്ല |
| മൃഗസംരക്ഷണവും ക്ഷീരവികസനവും | 04.02.21<br>20.02.21<br>29.12.21<br>10.01.22<br>25.02.22 | 09<br>04<br>04<br>05<br>05 | 04<br>03<br>08<br>01<br>01 | ക്ലോസ്സ് ചെയ്തിട്ടില്ല |
| പ്രാദേശിക സാമ്പത്തിക വികസനം | 04.02.21<br>20.02.21<br>18.12.21 | 8<br>4<br>5 | 11<br>1<br>0 | ക്ലോസ്സ് ചെയ്തിട്ടില്ല |
| സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 04.02.21<br>20.02.21<br>29.12.21 | 12<br>08<br>04 | 09<br>04<br>06 | ക്ലോസ്സ് ചെയ്തിട്ടില്ല |
| സാമൂഹ്യ ക്ഷേമം | 04.02.21<br>20.02.21<br>29.12.21<br>25.02.22 | 9<br>7<br>3<br>7 | 11<br>6<br>9<br>1 | ക്ലോസ്സ് ചെയ്തിട്ടില്ല |
| കൃഷിയും അനുബന്ധമേഖലയും | 04.02.21 | 04 | 0 | ക്ലോസ്സ് ചെയ്തിട്ടില്ല |

| | | | | |
|---|---|---|---|---|
| പരിസ്ഥിതി സംരക്ഷണം,ദുരന്ത നിവാരണം | 04.02.21<br>20.02.21<br>18.12.21 | 11<br>07<br>04 | 3<br>8<br>1 | |
| കണക്കുകൾ രേഖകൾ തയ്യാറാക്കൽ,ജന സേവനം കാര്യക്ഷമമാക്കൽ | 04.02.21<br>18.12.21 | 07<br>04 | 06<br>01 | ക്ലോസ്സ് ചെയ്തിട്ടില്ല |

വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമാക്കാനും ചുമതലകൾ യഥാവിധി നിർവഹിക്കുന്നു എന്ന് ഉറപ്പു വരുത്താനും പര്യാപ്തമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-22 ഹോമിയോ ആശുപത്രിയിലേക്ക് മരുന്ന് വാങ്ങൽ- 1,50,000രൂപയുടെ മരുന്നുകൾ ലഭ്യമാകുവാൻ അവശേഷിക്കുന്നു.

| | |
|---|---|
| വർഷം | 2021-22 |
| പ്രോജക്ട് നമ്പർ | 71/22 |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ഡിസ്പൻസറിയിലേക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 1,50,000രൂപ(മെയിന്റനൻസ് ഫണ്ട് നോൺ റോഡ്) |
| ചെലവ് | 1,50,000 രൂപ<br>ബിൽ നമ്പർ 110/21-22 തി. 7.12.21 1,50,000രൂപ |
| നിർവഹണം | മെഡിക്കൽ ഓഫീസർ ഹോമിയോ |

മേൽ പ്രോജക്ട് പ്രകാരം മരുന്ന് വാങ്ങുന്നതിന് 1,50,000 രൂപ കേരള ഹോമിയോപ്പതി കോ.ഓപ്പറേറ്റിവ് ഫാർമസിയിൽ അടവാക്കിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമായതിന്റെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്എന്ന് കാണിച്ച് നമ്പർ 5/115.11.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ മരുന്നുകൾ ലഭ്യമാകുവാൻ ആവശ്യമായ നടപടികൾ സ്വീകരിച്ചതായി ഹോമിയോ മെഡിക്കൽ ഓഫീസർ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

## 1-23 വാട്ടർ ചാർജ് അടവാക്കൽ - സംയുക്ത പരിശോധന നടത്തേണ്ടതാണ്.

ചെറിയമുണ്ടം ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷത്തിൽ സ്ട്രീറ്റ് ടാപ്പുകളുടെ വാട്ടർ ചാർജ് ഇനത്തിൽ 40888 രൂപ കേരള വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുണ്ട്. 9.11.2016 ൽ കേരള വാട്ടർ അതോറിറ്റിയുമായി നടത്തിയ സംയുക്ത പരിശോധനയിൽ 89 വാട്ടർ ടാപ്പുകൾ നിർണ്ണയിക്കുകയും ടാപ്പ് ഒന്നിന് 437 രൂപ നിരക്കിൽ വാട്ടർ ചാർജ് നിർണ്ണയിക്കുകയും ചെയ്തിരുന്നു. നിലവിൽ ഏതെങ്കിലും ടാപ്പ് പ്രവർത്തനരഹിതമാണോ എന്ന് വ്യക്തമല്ല. കേരള വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്താനുള്ള സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ് എന്ന് കാണിച്ച് നമ്പർ 6/15.11.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു.സംയുക്ത പരിശോധന നടത്താനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടുണ്ട്. ഉപയോഗിക്കുന്ന ടാപ്പിനു മാത്രം വാട്ടർ ചാർജ് അടവാക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

## 1-24 ഗ്രാമ പഞ്ചായത്തിലേക്ക് പ്രിന്റർ ലഭ്യമായില്ല

| | |
|---|---|
| വർഷം | 2021-22 |
| പ്രോജക്ട് നമ്പർ | 16/22 |
| പ്രോജക്ടിന്റെ പേര് | ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിലേക്ക് പ്രിന്ററും ഹൈസ്പീഡ് സ്കാനറും വാങ്ങൽ |
| അടങ്കൽ | 1,51,210- വികസന ഫണ്ട് ജനറൽ |
| ചെലവ് | 1,49,938രൂപ |
| നിർവഹണം | സെക്രട്ടറി |

കേരള സ്റ്റേറ്റ് ഇലക്ട്രോണിക്ക് ഡെവലപ്പ്മെന്റ് കോർപ്പറേഷനിൽ നിന്നും വിവിധ ഐടി സാമഗ്രികൾ വാങ്ങുന്നതിനായി താഴെ പറയും പ്രകാരം ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമനമ്പർ | ഐടി സാമഗ്രിയുടെ പേര് | വില | ബിൽ നമ്പർ/തിയതി |
|---|---|---|---|
| 1 | A3 Sheetfed Scanner Canon | 96,949 | 138/22.12.21 |

| | | | |
|---|---|---|---|
| 2 | A4 Multifunction Printer<br>2 എണ്ണം | 40,036 | 139/22.12.21 |
| 3 | A4 Monochrome Network Laser Printer<br>1 എണ്ണം | 12,953 | 140/22.12.21 |
| | ആകെ | 1,49,938 | |

ക്രമനമ്പർ 3 ലേസർ പ്രിന്റർ നാളിതുവരെ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കുന്നതിന് നമ്പർ 9/15.11.22 പ്രകാരം ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു. മറുപടിയായി കെൽട്രോണുമായി ബന്ധപ്പെട്ടപ്പോൾ പ്രിന്റർ സ്റ്റോക്കില്ലാത്തതിനാലാണ് വിതരണം നടത്താത്തതെന്നും ഉടൻ വിതരണം നടത്തുമെന്നും അറിയിച്ചിട്ടുണ്ടെന്നും മറുപടി നൽകി. പ്രിന്റർ ലഭ്യമാകുന്നതുവരെ ചെലവ് തുക 12,953 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-25 സ്ട്രീറ്റ് ലൈറ്റ് റിപ്പയർ- രേഖകൾ ഹാജരാക്കിയില്ല

| | |
|---|---|
| വർഷം | 2021-22 |
| പ്രോജക്ട് നമ്പർ | 131/22 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്തിലെ വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ റിപ്പയർ ചെയ്ത് പ്രവർത്തനക്ഷമമാക്കൽ (SO) |
| അടങ്കൽ | 87,645-ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ചെലവ് | 43,972രൂപ<br>ബിൽ നമ്പർ 111/21-22 തി. 7.12.21 43,972 രൂപ |
| നിർവഹണം | സെക്രട്ടറി |

